സർ, ഞാൻ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത് ഒരാളെ ഒരു ഡിപ്പാർട്ടുമെന്റിൽനിന്നും വേറൊരു ഡിപ്പാർട്ടുമെന്റിലേക്ക് മാററി നിയമിക്കാനുള്ള അധികാരം ഗവണ്മെന്റിനുണ്ടായിരിക്കണമെന്നാണ്. ഉദാഹരണമായി, മെഡിക്കൽ ഡിപ്പാർട്ടുമെന്റിലുള്ള ഒരു ഡാക്ടറെ, പബ്ലിക്ക് ഹെൽത്തു ഡിപ്പാർട്ടുമെന്റിലേക്കു മാററുകയാണെങ്കിലും, അതു മാതിരിയുള്ള മററു ഇന്റർഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫറുകളും ഗവണ്മെന്റിനു സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഇതിലേക്കുവേണ്ടി ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഗവൺമെൻറിന് കൂടുതൽ അധികാരങ്ങൾ കൊടുക്കണമെന്നുള്ളതാണ് ഈ അമെൻറമെൻറ് സ്വീകരിച്ചാലുണ്ടാകുന്നത്. ഇൻറർഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനുള്ള അധികാരം ഗവൺമെൻറിനു ആവശ്യമില്ലെന്നു വിചാരിക്കുന്നു. അതുകൊണ്ടു ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was, by leave, withdrawn.

Regulation 4.

Shri P. S. Nataraja Pillai : I move :

"Omit clause (*ii*) in Regulation 4."

Clause (*ii*) is this :

> "Where it is necessary to fill a short vacancy in the post and the appointment of the person who is entitled to appointment under the rules applicable to the service would involve excessive expenditure on travelling allowance or exceptional administrative inconvenience."

Sir, regulation 4 says that it shall not be necessary to consult the Commission regarding the appointment of a person temporarily for a total period not exceeding three months in the case of each individual to a post borne on the cadre of a service to which appointment has to be made after consulting the Commission—(*i*) where it is necessary in the public interest owing to an emergency which has arisen to fill immediately a vacancy in the post and there would be undue delay in making the appointment after such consultation. That, I think, will satisfy all the necessities. Clause 2 (*ii*) occurs in the Madras Service Commission Regulations also, but here, in a small State like Travancore, the travelling allowance is not going to be so excessive. If there is a short vacancy to be filled in, the procedure outlined in clause (i) could be well followed. Because, to fill immediately a vacancy in the service is the point, and there would be undue delay if it is done by the Service Commission. That is the only valid reason for the Government to exercise the right of appointment without consulting the Service Commission.

Mr. Speaker : There may be cases where the persons may not like to be disturbed for such vacancies, and for short periods.

Shri P. S. Nataraja Pillai : Yes. Clause (*ii*) says that if it is "highly excessive travelling allowance, or exceptional inconvenience ;" then that means exceptions will be three. One, to fill immediately the vacancy ; second, undue delay to get the advice of the Public Service Commission ; and three, it will be excessive

travelling allowance. Then we may have the fourth reason, namely, exceptional inconvenience. So, under these four cases this exception will work, but if clause (*ii*) is deleted, it will stand with the exceptions, urgency and delay in getting the advice of the Service Commission. Therefore I think it would be better to limit the latitude of the executive in this matter, but at the same time, not to affect the efficiency of the administration.

Shri T. K. Krishnan : I support the motion.

ശ്രീ. എ. ജെ. ജാൺ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. സാധാരണ സംഭവിക്കുന്ന ഒരു സംഗതിയെപ്പററിയല്ലാ ഇവിടെ പറഞ്ഞിരിക്കുന്നതു്. ഇവിടെയുള്ള ചില ബഹുമാനപ്പെട്ട മെംബറന്മാരുടെ സംസാരം കേട്ടാൽ, ഈ ഗവണ്മെൻറ നീതിയായിട്ടു യാതൊന്നുംതന്നെ ചെയ്യുകയില്ലാ എന്നു തോന്നിപ്പോകും. ചില അസാധാരണ ഘട്ടങ്ങളിൽ, ഷാർട്ടുവേക്കൻസിയിൽ നിയമനങ്ങൾ നടത്തുന്നതുകൊണ്ടു്, ആഫീസുകളിലെ ജോലികൾക്കു വിഘ്നം വരാതെ കഴിക്കാനും, തൽക്കാലത്തേക്കു ട്രാവലിംഗ് അലവൻസു കൊടുക്കാതെ കഴിക്കാനും സാധിക്കും. അതുകൊണ്ടു് ഇങ്ങനെ സ്വല്പകാലത്തേക്കു ഒരാളെ നിയമിക്കാനുള്ള അധികാരം ഗവണ്മെൻറിനു ഉണ്ടായിരിക്കണം. ഇങ്ങനെ നിയമിക്കപ്പെടുന്ന ആളുകൾക്കു യാതൊരു പ്രത്യേക അവകാശങ്ങളും ഉണ്ടായിരിക്കുകയില്ല. ഇക്കാരണങ്ങളാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

Shri O. C. Ninan : I move:

In sub-clause (ii) add at the end "and in all such cases the person entitled to the appointment shall be informed in writing that his claim for promotion to the appointment shall not be affected in any way by filling up the short vacancy as aforesaid."

സർ, ഈ സഭയിൽ മുമ്പു പ്രസ്താവിച്ചപ്രകാരം ഏതെങ്കിലും ഒരു ഷാർട്ടുവേക്കൻസി വന്നാൽ ഇപ്രകാരമുള്ള നിയമനം നടത്തുന്നതു് സൗകര്യമായിരിക്കും. ഷാർട്ടുവേക്കൻസിയിൽ സർക്കാരിൽനിന്നും നിയമനം നടത്തുമ്പോൾ ആ ഉദ്യോഗത്തിന്റെ സാക്ഷാൽ അവകാശിയായിരിക്കുന്ന ആളിന്റെ പ്രമോഷനോ മററവകാശങ്ങളോ യാതൊരു വിധത്തിലും ബാധകമാകാതെ സൂക്ഷിക്കണമെന്നുള്ളതാണു് എന്റെ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. പ്രമോഷനും മററു സൗകര്യം വരുമ്പോൾ അവയെ ഈ നിയമനം ഒരുതരത്തിലും ബാധിക്കുന്നതല്ലെന്നുള്ള ഒരു രേഖ കൊടുക്കുന്നതു് നന്നായിരിക്കും. ഏതെങ്കിലും യഥാർത്ഥ അവകാശിയായ ഒരാളിന്റെ സാക്ഷാൽ അവകാശത്തെ, ഷാർട്ടുവേക്കൻസിയിലുള്ള ഇത്തരം നിയമനങ്ങൾകൊണ്ടു് ഒരുതരത്തിലും അവഗണിക്കണമെന്നു ഉദ്ദേശിക്കുന്നില്ലെന്നു കാണിക്കുവാൻവേണ്ടി മാത്രമാണു് ഇങ്ങനെ ഒരു രേഖ കൊടുക്കണമെന്നുള്ള ഭേദഗതി ഞാൻ കൊണ്ടുവന്നതു്.

Mr. Speaker : Mr. E. P. Varghese, you can move your amendment, so that the House may be given the opportunity to have a comprehensive discussion on the two remaining amendments under this Regulation—Regulation 4.

Shri E. P. Varghese : I move:

"Add the following proviso at the end: 'Provided that such appointments shall not be a claim for the post when the question of a permanent appointment arises'."

The intention is the same as of the previous amendment, but the previous amendment, as it is, added on to clause (*ii*), would look as if it cannot be applied to the whole section. So I thought that I should put in this as proviso at the end of the section. The intention is that such appointments shall not affect the claim of the real claimant. But my friend Mr. Ninan's amendemnt is an addition to clause (*ii*) only. My amendment, I do not think will seriously affect the powers of Government which they seek to get by this regulation. It is only because that Government's intentions should not be defeated, that I tabled this amendment. We find in our State service that persons who have been temporarily appointed to certain posts, continue temporarily in those posts, for years' and afterwards they put in a claim that "I have been there for so many years. I must be preferred to others in the matter of permanent appointment to the post. I have a lot of experience," and all these

4 P.M.

things. If the Government's intention is not to make such temporary appointments a sort of stepping-stone for some particular person to get a permanent appointment, my amendment will serve the purpose and make that position clear. I have tabled my amendment so as to avoid possibilities of attempts being made against this intention. Hence I press my amendment.

Shri A. J. John : I accept the amendment of Shri E. P. Varghese.

The amendment moved by Shri O. C. Ninan was, by leave, withdrawn.

The amendment moved by Shri E. P. Varghese was adopted.

Regulation 6.

Shri T. K. Krishnan : Sir, I move:

"To omit Regulation 6."

Regulation 6 reads like this :

"It shall not be necessary for the Commission to be consulted on any disciplinary matter affecting a person serving in connection with the affairs of the State except where the State Government propose to pass an original order or an order in appeal or in revision imposing any of the following penalties, namely:—

(*i*) reduction to a lower rank in the seniority list or to a lower post or time-scale, or to a lower stage in a time-scale ;

(*ii*) recovery from pay of the whole or part of any pecuniary loss caused in the Government or to a local body by negligency or breach of orders ;

(*iii*) compulsory retirement.

Explanation—Requiring, under the Service Regulations for the time being in force, an officer to retire after his completing 25 years of qualifying superior service or any shorter period of such service, where under the said Regulations such shorter period is prescribed for any class of officers, shall not be deemed to be compulsory retirement within the meaning of this sub-clause.

(*iv*) removal from service ; or

(*v*) dismissal."

Thus, according to this Regulation, a suspension of an officer can be effected without consulting the Public Service Commission. When we know the history of suspensions in this State, it is highly necessary that before suspensions are effected, the Service Commission should be consulted. We know that very often suspensions are being made in a cavalier fashion. I know of instances where officials have been suspended most wantonly. I know of a magistrate who received order of suspension while he was in the court dispensing justice. Another man was suspended in such an unceremonious manner that he took poison attempting at suicide. Another man was so much shocked by the suspension order that he left for an unknown destination without informing anybody.

Mr. Speaker : Suppose a serious defalcation case was detected against a Treasury Officer ?

Shri T. K. Krishnan : Then he must be arrested, as it is acrime. It is criminal misappropriation.

Mr. Speaker : Supposing a Police Inspector is alleged to have taken somebody into the lock-up and tortured him there. Whether he should be suspended or not, should that question be referred to the Public Service Commission ?

Shri T. K. Krishnan : He may be transferred to another place. But the funny thing about all this is that all of them were reinstated as the allegations against them were found baseless.

Mr. Speaker : So, without doing any work, he gets all the emoluments as if he were in service.

Shri T. K. Krishnan : Yes, why should we be paying for his idle hour ? We have also to remember the worry and anxiety and agony they experience during the period of suspension. So I submit that suspension should be effected only after formal consultation with the Public Service Commission.

Shri M. Gopalan Nair : I support the amendment. Here is article 311 of the Constitution which says :

"(1) No person who is a member of a civil service of the Union or an all-India service or a civil service of a State or holds a civil post under the Union or a State shall be dismissed or removed by an authority subordinate to that by which he was appointed."

Under article 320, the Public Service Commission may be consulted on all disciplinary matters. Therefore, it is clear that by this Regulation, we are taking away the right of the civil servants in article 311 of the Constitution. Therefore, the regulation is not in accordance with article 311 of the Constitution. Of course, it may be stated that there are identical provisions in other States— Madras, Hyderabad, or in some other North-Indian State. Even so, there are certain provisions inserted in this regulation 6 to show that it is indefensible. I say that a right of the citizens has been taken away by promulgating certain regulations under Article 320.

Again what article 311 says is that "no such person sh' be dismissed or removed or reduced in rank until he has been given a reasonable opportunity of showing cause against the action proposed to be taken in regard to him." So, whatever be the cause, before Government passes final orders, the Public Service Commission has to be consulted. The explanation of the officer has to be obtained and that explanation must be submitted to the Public Service Commission. Something of this nature may happen, Sir. An officer may be appointed to conduct an investigation and he may have

submitted his report. On that, an explanation might be got from the party concerned. This explanation, along with the investigation report of the officer, should be submitted to the Public Service Commission. The Public Service Commission will look into them and see whether a revision by them is necessary. On the other hand, the executive authority might think that a revision by the Public Service Commission is not necessary and might dispose of the case by itself, while actually it would require revision by the Commission, under Article 311 of the Constitution. Such things might happen if this regulation is allowed.

ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ക്ലാസ് ൬ വെട്ടിക്കളയണമെന്നുള്ളതാണ് ഭേദഗതി. ഈ വകുപ്പു വെട്ടിക്കളഞ്ഞാൽ പിന്നെ ഇതിൽ വളരെ അധികം ഒന്നും അവശേഷിക്കുന്നില്ല. അനുബന്ധം ബി-യിലുള്ള ഉദ്യോഗസ്ഥന്മാർക്കു നൽകുന്ന ശിക്ഷകളെ സംബന്ധിച്ചുള്ളതാണ് ഈ വകുപ്പ്. ഈ വകുപ്പ് ഭരണഘടനാനിയമം ൩൧൧-ാം വകുപ്പിനെതിരാണെന്നു ബഹുമാനപ്പെട്ട നേമം മെമ്പർ പറഞ്ഞതു ശരിയല്ല.

Regulation 6 is this :

"It shall not be necessary for the Commission to be consulted on any disciplinary matter affecting a person serving in connection with the affairs of the State except where the State Government propose to pass an original order or an order in appeal or in revision"..........etc.,

൩൧൧-ാം വകുപ്പിൻപ്രകാരം കൺസൾട്ട് ചെയ്യേണ്ടാത്ത കാര്യങ്ങളാണ് ഈ ൬-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

Shri P. S. Nataraja Pillai : Sir, in Regulation 6....

Mr. Speaker : You are speaking on the amendment to delete Clause 6 ?

Shri P. S. Nataraja Pillai : No, Sir. I am moving amendment No. 25.

Mr. Speaker : Please wait ; I am putting Shri T. K. Krishnan's amendment to vote.

The amendment moved by Shri T. K. Krishnan was put and lost.

Shri P. S. Nataraja Pillai : Sir, I move :

Insert the following as sub-clause (*b*) Clause (2) in Regulation 6:

"(*b*) relating to the termination of the serivces of an officer on probation if the termination is on grounds arising out of the specific conditions laid down by he appointing authority, *e.g.*, want of a vacancy, failure to acquire prescribed special qualifications or to pass prescribed tests."

Mr. Speaker : So, what is to be done with the existing sub-clause (*b*) ?

Shri P. S. Nataraja Pillai : It goes automatically.

Mr. Speaker : I appreciate the audacity of the hon. Member. (Laughter). But the amendment should have been to substitute your new sub-clause for the existing. Of course, with the permission of the Speaker, you can move your amendment.

Shri P. S. Nataraja Pillai : Sir, in its present form, the regulation will read like this :

> "(*b*) relating to the termination of probation of any person before the expiry of the prescribed or extended period of probation or to the discharge of a person after the expiry of such period on the ground that he is unsuitable for full membership of the service;..."

In place of that, my amendment reads like this :

> "(*b*) relating to the termination of the services of an officer on probation if the termination is on grounds arising out of the specific conditions laid down by the appointing authority, *e.g.*, want of a vacancy, failure to acqure prescribed special qualifications or to pass prescribed tests."

According to the regulation, if the appointing authority thinks that a person is unsuitable to full membership of the service, the probation can be terminated; the only conditions is that if, in the opinion of the appointing authority, a probationer is unsuitable for full membership of the service he will be discharged. So a discretion is given to the appointing authority. On the other hand, I provide that the appointing authority can dispense with his services on probation, only on certain definite conditions,—if there is no vacancy, his failure to acquire prescribed special qualifications or to pass prescribed tests. On these three grounds, the probation period may be terminated. This will give a Government servant a certain amount of confidence in his tenure and his right to hold his office, without depending upon the goodwill of the appointing authority. According to the existing regulation, the probationer will have to depend upon the goodwill of his superior. But according to my amendment, he will be standing on his own right. Therefore, if there is a vacancy, if he has the required qualifications and if he successfully completes the prescribed tests, the public servant need not be afraid of losing his place. He will not turn a sycophant.

ശ്രീ. എ. ജെ. ജാൺ : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. സാധാരണ പ്രൊബേഷനായിട്ട നിയമിക്കുന്നതു് ഒരു കൊല്ലക്കാലത്തേക്കായിരിക്കും. അങ്ങനെ പ്രൊബേഷനായിട്ട ഒരാളെ നിയമിച്ചശേഷം ആ സ്ഥാനത്തേക്ക് അയാൾ പററിയതല്ലെന്ന നിയമനാധികാരിക്ക് തോന്നിയാൽ അയാളെ ആ സ്ഥാനത്തുനിന്നും നീക്കം ചെയ്യാൻ ഉള്ള അധികാരം നിയമനാധികാരിക്കുണ്ട്. സാമർത്ഥ്യമില്ലെന്ന കണ്ടതിനശേഷവും ഒരാളെ മററ യോഗ്യതകളുടെ മാനദണ്ഡത്തിൽ ആ സ്ഥാനത്തു വെച്ചുകൊണ്ടിരിക്കണമെന്ന പറയുകയാണെങ്കിൽ അതിനോട്ട യോജിക്കുവാൻ എനിക്ക നിവൃത്തിയില്ല.

The amendment was put and lost.

Shri K. Bhanu: Sir, I move :

"In clause 6, omit sub-clause (2) (g)"

ഞാൻ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ക്ലാസ്സ് ൬ സബ്ക്ലാസ്സ് ൨ (ജി)യെ സംബന്ധിച്ചാണ്. ഇതു് റഗുലേഷനിലെ ഡിസിപ്ളിനറി ആക്ഷനെ സംബന്ധിക്കുന്നതാണ്. പബ്ളിക് സർവീസ് കമ്മിഷന്റെ നിയമനാധികാരത്തെ സംബന്ധിച്ചിടത്തോളം ട്രാൻസ്ഫറും കൂടി നടത്താനുള്ള അധികാരം കൊടുത്തിരിക്കയാണ്. മാത്രമല്ല അവയോടു കൂടി ശിക്ഷണാധികാരംകൂടി കൊടുക്കുന്നുണ്ട്. അദ്ദേഹം ആ അധികാരം നിഷ്പക്ഷനിലയിൽ പാലിക്കുമെന്നുള്ള വിശ്വാസത്തിലാണ് അധികാരപ്പെടുത്തപ്പെട്ടിട്ടുള്ളതു്. ഈ പ്രൊവിഷൻ, ഭരണഘടന വ്യവസ്ഥകൾക്കു വിപരീതമാണെന്നാണ് എന്റെ അഭിപ്രായം. ൧൦൦ രൂപയിൽ കുറഞ്ഞ ശമ്പളക്കാരെയാണ് ഈ ശിക്ഷണനടപടി കൂടുതലായി ബാധിക്കുന്നതു്. ഇങ്ങനെയുള്ള കേസുകൾ ധാരാളമുണ്ടാകുന്നുമുണ്ട്. ഈ മാതിരി കേസുകളിലെല്ലാം കമ്മീഷൻ ഇടപെട്ട വിധികൽപ്പിക്കുന്നതു് ആശാസ്യമാണോ എന്നു തോന്നുന്നില്ല. അതുകൊണ്ട് ഈ വകുപ്പിലെ സബ്ക്ലാസ് ൨ (ജി) എടുത്തുകളയണമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നതു്. ഈ ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

Shri E. P. Varghese : Sir, I support the amendment

Shri O. C. Ninan: Sir, I move "In sub-clause (2) (g)' add at the end 'accepting the advice of the Commissioner or Commissioners.'

കുററക്കാരായ ഉദ്യോഗസ്ഥന്മാരെപ്പററി ഒരു അന്വേഷണം നടത്തിയതിനുശേഷമെ ശിക്ഷിക്കാവു എന്നു റഗുലേഷനിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ അന്വേഷണത്തിനുവേണ്ടി ഒരു കമ്മിഷനെ നിയമിക്കയും ആ കമ്മിഷന്റെ റിപ്പോർട്ട വന്നതിനുശേഷവും അതനുസരിച്ച് അവസാന തീരുമാനം എടുക്കാതെ വീണ്ടും സർവീസ് കമ്മീഷന്റെ അഭിപ്രായത്തിനുവേണ്ടി അയച്ചുകൊടുക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. അന്വേഷണത്തിനുവേണ്ടി യോഗ്യന്മാരായ വ്യക്തികളെയാണ് കമ്മീഷനായി നിയമിക്കാറുള്ളതു്, അവർ സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ ഗവണ്മെന്റു അവസാനമായി തീരുമാനം ചെയ്യേണ്ടതാണ്. അത

[ശ്രീ. ഒ. സി. നൈനാൻ.]

ല്ലാതെ ഒരു സർവീസ് കമ്മീഷനു വീണ്ടും ഇതേപ്പററി ഒരഭിപ്രായം രൂപീകരിക്കുന്നതിനുവേണ്ടി അയച്ചുകൊടുക്കണമെന്നു പറയുന്ന ഈ റെഗുലേഷനിലെ ക്ലാസ് ൯-ൽ സബ്ക്ലാസ് ൭ (ജി) എടുത്തുകളഞ്ഞിട്ടു അവസാനമായി 'accepting the advice of the Commissioner or Commissioners' എന്നു ചേർക്കണമെന്നാണ് എന്റെ ഭേദഗതി. ഈ ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. എ. ജെ. ജാൺ : ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ൭൰,൮ ഭേദഗതിയെ എതിർക്കുന്നു. കുററക്കാരായ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഒരു എൻക്വയറി നടത്തുന്നതിനു നിയമിക്കാവുന്നതു് ഹൈക്കോടതി ജഡ്ജിയെയൊ അല്ലെങ്കിൽ ഡിസ്ട്രിക്റ്റ് ജഡ്ജിയെയൊ ആണു്. അങ്ങിനെയുള്ള ആളുകളെ ഒരു കമ്മീഷൻ എന്ന നിലയിൽ നിയമിക്കേണ്ടയാവശ്യം ഉള്ളപ്പോഴ് അതു് എടുത്തുകളയണമെന്നു പറയുന്നതു ശരിയല്ല. ഈ റെഗുലേഷനെ സംബന്ധിച്ചിടത്തോളം അവരുടെ ആവശ്യം ഉണ്ടു്. അതുകൊണ്ടു് മുൻപറഞ്ഞ ഭേദഗതികളെ എതിർക്കുകയാണു് ചെയ്യുന്നതു്.

അടുത്തതു് ൭൯-ാമത്തെ ഭേദഗതിയെപ്പററിയാണു്. ആ ഭേദഗതിയെ സംബന്ധിച്ചിടത്തോളം റെഗുലേഷനിൽ പറയുന്നതു് ഇപ്രകാരമാണു്.

"Where the State Government Pass orders on the adivce of the Commissioner or Commissioners appointed from time to time for holding departmental enquiries".

അതായതു് അന്വേഷണത്തിനു ശേഷമുണ്ടായ കമ്മിഷന്റെ റിപ്പോർട്ടു ഗവൺമെന്റു സ്വീകരിക്കുന്നുവെങ്കിൽ ആ റിപ്പോർട്ടു് സർവ്വീസ് കമ്മിഷനു അയയ്ക്കേണ്ട ആവശ്യമില്ല. അഥവാ ഗവൺമെന്റു സ്വീകരിക്കുന്നില്ലെങ്കിൽ ആ റിപ്പോർട്ടു, സർവീസ്കമ്മീഷനു അഭിപ്രായത്തിനുവേണ്ടി അയച്ചുകൊടുക്കേണ്ടതാണു്. ആ രീതിയിൽ ൭൯-ാമത്തെ ഭേദഗതി സ്വീകരിക്കാമെന്നു വിചാരിക്കുന്നു.

ശ്രീ. എം. ഗോപാലൻനായർ : സാധാരണ അന്വേഷണം നടത്തുന്നതു് ഹൈക്കോടതി ജഡ്ജിയോ അല്ലെങ്കിൽ ഡിസ്ട്രിക്റ്റ് ജഡ്ജിയോ ആയിരിക്കുമെന്നു പറയുന്നു. ഒരു ഒന്നാംക്ലാസ് മജിസ്ട്രേട്ടായാൽ പോരെന്നുണ്ടോ? അതല്ലെങ്കിൽ ഒന്നാംക്ലാസ് മജിസ്ട്രേട്ടുകൂടി ആകാമെന്നുവച്ചുകൂടെ?

ശ്രീ. എ. ജെ. ജാൺ : അതു് ഉദ്യോഗത്തിന്റെ സ്ഥിതി അനുസരിച്ചിരിക്കും.

ശ്രീ. എം. ഗോപാലൻനായർ : ഡിപ്പാർട്ടുമെന്റു എൻക്വയറി എന്നല്ലെ പറഞ്ഞിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : ഈ റെഗുലേഷനിൽ പറഞ്ഞിരിക്കുന്നതു അങ്ങിനെയല്ല. ഞാൻ അതു വായിക്കാം.

"Where the State Government pass orders on the advice of the Commissioner or Commissioners appointed from time to time for holding Departmental enquiries."

ഈ ഖണ്ഡിക വായിച്ചിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട മെംബർക്കു തെററു പററുകയില്ലായിരുന്നു. അതായത്ത് അന്വേഷണത്തിൻമേൽ ഉള്ള റിപ്പോർട്ട് ഗവണ്മെൻറ് സ്വീകരിക്കുന്നുവെങ്കിൽ അതു സർവീസ് കമ്മീഷനു റെഫർചെയ്യണ്ടാ, അതല്ലെങ്കിൽ വേണം. ഇതാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

The amendment of Shri K. Bhanu was by leave withdrawn.

The amendment moved by Shri O. C. Ninan was put and carried.

Regulation 7.

Shri T. K. Krishnan: Sir, I move to omit regulation 7.

The regulation reads :

"Notwithstanding Regulation 6, it shall not be necessary to consult the Public Service Commission in any disciplinary matter relating to posts specified in Annexure III."

This is a clear case of discrimination. Whereas all Government servants have been given benefit by way of consulting the Public Service Commission in matters relating to discipline etc., these people, merely because they belong to a particular section of the service, are denied that opportunity. It is sheer injustice. And it certainly is against the provisions of Article 311 of the Constitution. So I request that the clause may be deleted.

Shri M. Gopalan Nair : Sir, I support the amendment on two grounds. It relates to Annexure III and it contains a very offensive provision. Item 6 in the Annexure is: "all posts carrying a fixed pay of, or on a scale whose maximum pay is, Rs. 175 or less." In other words, practically the whole subordinate service will be under the control of the executive.

Mr. Speaker : That is, under the disciplinary control of the executive; that is all.

Shri M. Gopalan Nair : Yes. But these include even persons who are in the Judicial service, Magistrates and others. There is already a provision in the Constitution of India that the Judiciary should be separated from the executive.

Shri A. J. John : May I correct the Member ? Regulation 10 says that these regulations shall not apply to the Civil Judicial Service and the Legislature Secretariat service which will continue to be governed by the same rules as heretofore until new provisions applicable to them are made.

Shri M. Gopalan Nair ; I accept the explanation,

ശ്രീ. എ. ജെ. ജാൺ: അനക്സർ ൨-ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥയനുസരിച്ച് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ മേലുള്ള നിയന്ത്രണാധികാരം ഗവണ്മെന്റിനു ഉണ്ടായിരിക്കണമെന്നുള്ളതാണ്. ഭരണപരമായി ഈ നിയന്ത്രണം ഗവണ്മെന്റിനു ഏററവും അത്യാവശ്യമാണ്. ആ കാരണത്താൽ ഈ ഭേദഗതിയേയും ഞാൻ എതിർക്കുന്നു.

The amendment was put and lost

Regulation 8.

Shri E. P. Varghese : Sir, I move :

"Delete Regulation 8."

Regulation 8 says :

"It shall not be necessary for the Commission to be consulted on any memorial or petition relating to any disciplinary matter affecting a person serving in connection with the affairs of the State where the State Government propose to pass orders rejecting such memorial or petition."

As I submitted earlier, the whole regulation is taking away one by one, the power vested in the Public Service Commission under Article 320 (3) (*a*), (*b*), (*c*), (*d*) and (*e*) of the Constitution. Article 320 (*c*) reads:

"on all disciplinary matters affecting a person serving under the Government of India or the Government of a State in a civil capacity, including memorials and petitions relating to such matters."

In these cases, the Public Service Commission shall be consulted. Under this regulation we say that they need not be consulted in some cases. Thus, as I have said already, we are taking away the powers of the Commission. Why should we do that ? Why should we take away the salutary powers vested by the Constitution in the Public Service Commission ? The Public Service Commission is put in charge of all matters relating to public service. Why not allow them to work ? A department working for this very purpose is brought into existence by the provisions of the Constitution. Refer all matters to them. They will see to them. It is stated that there will be difficulties if the Public Service Commission were to be responsible for certain things. Is it contended that the framers of the Constitution could not foresee these difficulties ? Is it believed that they were raw men, mere freshmen who could not anticipate these things ? No, they foresaw them. They saw from the beginning that the public service, if it must be efficient,

should be free from the control of the executive. I am not moving these amendments for the fun of moving amendments. I feel earnestly in my mind that we are undermining the Constitution slowly, one by one. Here we say that the Public Service Commission need not be consulted in such and such things. The excuse is that they will not be able to do the work well. Who said it ? The Public Service Commission was constituted for the very purpose of advising on matters relating to public service. How can it be that they cannot be expected to advise on such matters? Therefore, I move my amendment :

<u>ശ്രീ. എൻ. രാജഗോപാലൻനായർ</u> : ഞാൻ ശ്രീ. ഇ. പി. വർഗ്ഗീസിന്റെ ഭേദഗതിയെ അനുകൂലിക്കുന്നു. ചിലപ്പോൾ ഒരു മെമ്മോറിയൽ സ്വീകരിച്ചുകൊണ്ടു സ്വയം തീരുമാനം ചെയ്യുകയും മററു ചിലപ്പോൾ അതു സർവീസ് കമ്മീഷനു അയച്ചുകൊടുക്കാൻ തീരുമാനിക്കയും ഇങ്ങനെ രണ്ടുവിധത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. അതുകൊണ്ടു ഈ കാര്യത്തിൽ ഞാൻ ശ്രീ. ഇ. പി. വർഗ്ഗീസിന്റെ അഭിപ്രായത്തോടു യോജിക്കുന്നു.

<u>ശ്രീ. എ. ജെ. ജാൺ</u> : ഈ വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നതു ഗവൺമെന്റ ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവക്കു അനുകൂലപരിതഃസ്ഥിതി ലഭിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണു്. എന്നാൽ ബഹുമാനപ്പെട്ട ആലങ്ങാട്ടു മെമ്പർ ഈ വ്യവസ്ഥയെ എതിക്കാനുണ്ടായ കാരണങ്ങൾ എന്തുതന്നെയായിരുന്നാലും അവ അടിസ്ഥാനരഹിതമാണെന്നേ എനിക്കു പറയുവാനുള്ളു. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികളിൽ സ്വീകരിക്കത്തക്കതു സ്വീകരിക്കുന്നുണ്ടു്. ഒരു കാരണവശാലും സ്വീകരിക്കാൻ പാടില്ലാത്തതു മാത്രമെ നിരാകരിക്കുന്നുള്ളു. എല്ലാ ഭേദഗതികളും സ്വീകരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ എതിക്കുന്നു.

Mr. Speaker : Do you press that amendment, Mr. Varghese—deletion of Regulation 8 ?

Shri E. P. Varghese : Yes, Sir.

The amendment was put and lost.

Regulation 9

Shri P. S. Nataraja Pillai : My amendment is to omit Regulation 9. Clause 9 reads thus:—

> "It shall not be necessary for the Commission to be consulted in any case referred to in sub-clause (*d*) of clause (3) of Article 320 of the Constitution, if the State Government or any subordinate authority competent to sanction payment of the costs of defence purposes to admit the claim in full."

In the Constitution, Sir, it is said that the "Public Service Commission shall be consulted ;

[Shri P. S. Nataraja Pillai]

> "on any claim by or in respect of a person who is serving or has served under the Government of India or the Government of a State..........in a civil capacity, that any costs incurred by him defending legal proceedings instituted against him in respect of acts done or purporting to be done in the execution of his duty should be paid out of the Consolidated Fund of India, or as the case may be, out of the Consolidated Fund of the State."

If any payment is to be made from the Consolidated Fund of the State it has been made mandatory in the provision that the Public Service Commission shall be consulted. That is a statutory provision. No charge can be created on the Consolidated Fund by a mere order. Here, what is provided in this Regulation is, it is not even Government that sanctions the payment. It is provided 'or any subordinate authority competent to sanction payment'. A subordinate authority may be competent to sanction an amount. That will be a charge on the Consolidated Fund. Sir, with due respect to the Treasury Benches, I may say that is running counter to the mandatory provisions of the Constitution. It is specifically provided that to meet the costs of the civil action, the consent of the Public Service Commission is necessary before the Government decides to meet the charge. It is not a question of Government giving and meeting the cost. The mere fact that a Government servant has been subjected to a civil suit means that at the first stage there was something which has given a cause of action to a citizen to bring as action against the Government servant. After having given an opportunity to the citizen or created a cause of action for him, and when he defends that, if he has incurred any expenditure, if the right of paying that expenditure is to be left to the discretion of the Executive, it is a highly dangerous provision and the policy is bad. There is absolutely nothing improbable if a public servant fails in the case. Even then he can be indemnified by the competent authority or by the Government. If it is not said that he will not be indemnified if he fails in an action. The provision is that "it shall not be necessary for the Commission to be consulted in any case..........if the State Government or any subordinate authority competent to sanction payment of the costs of defence proposes to admit the claim in full." Even if he fails in the defence or a decree is passed against the defendant, yet the competent authority will be in a position to grant the costs of defence. It is so comprehensive a wording, and moreover it runs counter to the specific provision in the Constitution itself. I for one feel that it is wrong, and request the Treasury Benches to consider it very seriously.

Shri M. Gopalan Nair : Sir, I support the amendment. Article 320 (3) (d) says :

> "on any claim by or in respect of a person who is serving or has served under the Government of India or the Government of a State, ...in any civil capacity, that any costs incurred by him in defending legal proceedings instituted against him in respect of acts done or purporting to be done in the execution of his duty should be paid" etc. etc."

I doubt very much whether under this clause certain suits instituted against Government also will not come. For example, there are a number of suits filed against Government for misbehaviour of Government servants. I doubt very much whether Government will not use such power to show favouritism twoards certain individuals whom they want to favour. For example, there are cases filed by a number of people who have retired. Certain other people's services have been terminated. They have also filed suits. I doubt very much whether such suits will not come within the competence of this clause. This is a very dangerous provision. So, this provision should be omitted.

ശ്രീ. എ. ജെ. ജോൺ : ഈ ഒരു ക്ലാസ്സ് മുഴുവൻ എടുത്തുകളയുന്നതിനു ഗവൺമെന്റു സമ്മതിക്കുകയാണെങ്കിൽ മുമ്പു പറഞ്ഞതുപോലെ പബ്ലിക്ക് സർവ്വീസ് കമ്മീഷനോടു ആലോചിക്കാതെ ഗവൺമെന്റിനു ചെയ്യാൻ നിവൃത്തിയില്ലാത്ത ഒരു ബുദ്ധിമുട്ടു വരും. ഉദ്യോഗസ്ഥന്മാർക്കു ഏറ്റവും ഗുണകരമായ ഒരു സെക്ഷനാണിതു്. ഇതു് അപൽക്കരമാകുമെന്നു ഇവിടെ പറഞ്ഞതു് എങ്ങിനെയാണെന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ചിലവു മുഴുവൻ കൊടുക്കാമെന്നു ഗവൺമെന്റു സമ്മതിക്കുകയാണെങ്കിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കേണ്ട ആവശ്യം ഇല്ലെന്നാണു വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

Regulation 20 in Madras says:—

> "It shall not be necessary for the Commission to be consulted in any case referred to in sub-clause (d) of Clause (3) of Article 320 of the Constitution, if the State Government or any subordinate authority competent to sanction payment of the costs of defence proposes to admit the claim in full.
>
> *Explanation*:—Nothing contained in this regulation shall be deemed to preclude a reference to the Commission being made in any case in which the State Government feel a doubt as to the admissibility of a claim in whole or in part."

[ശ്രീ. എ. ജെ. ജോൺ]

അങ്ങിനെ സംശയമുണ്ടെങ്കിൽ സ്റ്റേറ്റ് ഗവണ്മെന്റിനു പബ്ലിക്ക് സർവീസ് കമ്മിഷനോട് റഫർ ചെയ്യാവുന്നതാണ്.

The amendment was put and lost.

Annexure II

Mr. Speaker : I have made an analysis of the remaining amendments. I would allow two amendments to be moved, that is, Nos. 39 and 42 so far as Annexure II is concerned.

Shri C. Achyutha Menon : Sir, I move "In Annexure II delete Clauses 2, 3, 4, 5, 6, 7, 8, 10, 13, 14, 17 and 20 (*i.e.* all Clauses except 1, 9, 11, 12, 15, 18, 19 and 21)." They are :

2. Administrator General and Official Trustee.
3. Law Officers (including Advocate General and Government Pleaders).
4. Law Reporters.
5. Secretaries to Government and Additional Secretaries to Government.
6. Members of the Board of Revenue.
7. Collectors.
8. Managers and Clerks of the Special Branch and Crime Branch of Police Service, Typists of Special Branch and Shorthand Reporters and Stenographers of the Police Service.
10. All posts in the Police Service below the rank of Sub-Inspectors of Police (except the clerical staff).
13. Staff appointed in connection with the Community Projects and Ford Foundation.
14. Chairmen and Members of Industrial Tribunals.
17. Heads of Departments.
20. Appointment of personnel retrenched in one service to another service within 2 years of retrenchment where the qualifications required in another service are, in the opinion of Government, similar to those in the retrenched service.

ഈ അനക്സറിൽ ഉള്ളതു് അതേപടി ഇവിടെ സ്വീകരിക്കയാണെങ്കിൽ വളരെ അധികം നിയമനങ്ങളും പബ്ലിക്ക് സർവീസ് കമ്മിഷന്റെ പരിധിയിൽനിന്നു് ഒഴിവാക്കിവിടേണ്ടതായിട്ടാണു് കാണുന്നതു്,

ഇങ്ങനെ ഒഴിവാക്കുന്നതിനു് മതിയായ ന്യായംതന്നെ എന്താണെന്നു് മനസ്സിലാക്കുവാൻ വിഷമമായിട്ടാണിരിക്കുന്നതു്. ലാ റിപ്പോർട്ടർമാരെ പബ്ലിക്ക് സർവീസ് കമ്മീഷൻ നിയമിക്കുകയാണെങ്കിൽ എന്തു വൈഷമ്യമാണു് ഈ ഗവണ്മെന്റിനു്, മന്ത്രിസഭയ്ക്കുതന്നെ ഉണ്ടാകുവാൻ പോകുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. അതുപോലെതന്നെ ഇവരെ ഗവണ്മെന്റു മാത്രമേ നിയമിക്കാവു എന്നു പറയുന്നതിലും അന്തർഭവിച്ചിരിക്കുന്ന തത്വം എന്താണെന്നു് മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഈ അനക്സർ രണ്ടിൽ പറഞ്ഞിട്ടുള്ള ഉദ്യോഗങ്ങളും എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടു് ഈ റഗുലേഷൻ ഇവിടെ പാസ്സാക്കുന്നപക്ഷം പബ്ലിക്ക് സർവീസ് കമ്മിഷനു് വലിയ ജോലി ഒന്നും ഉണ്ടാകയില്ല. ഇതിൽ പറയുന്ന നിയമനങ്ങൾ പബ്ലിക്ക് സർവീസ് കമ്മിഷന്റെ പരിധിയിൽനിന്നു ഒഴിവാക്കുന്നതിനു് ന്യായമായ ഒരു കാരണവും അല്ലെങ്കിൽ ഒരു തത്വവും ഞാൻ കാണുന്നില്ല.

Mr. Speaker : Mr. T. K. Krishnan may move amendment No. 42, so that clauses 15 and 16 may also come up for voting.

Shri T. K. Krishnan : Sir, I move "In annexure II, omit Clauses 3, 4, 5, 6, 7, 10, 13, 14, 15, 16 and 17." This does not require much explanation because most of these appointments have been taken away from the purview of the Public Service Commission and it will be a body without much work to do.

Then about the Law Reporters. Most of them do not do any work at all. There are very many complaints about them. Of late, no volume has been brought forward by these Law Reporters. I do not know what action has been taken by Government against them. This is because they have been recruited directly by the executive officers.

As regards the appointment of the Secretaries to Government and Additional Secretaries to Government, even in the Madras Regulation only three Assistant Secretaries are appointed without consulting the Public Service Commission. Here, all the Secretaries to Government and Additional Secretaries to Government can be appointed by the Ministers.

Shri M. Gopalan Nair : Is Madras the authority in all these matters ?

Shri T. K. Krishnan : No. But the Chief Minister seems to attach some sanctity to that.

Mr. Speaker : Those who have sent amendments 38 to 46 can speak on them if they so desire.

Shri P. S. Nataraja Pillai : Sir, a word with regard to the categories mentioned in Annexure II. It shall not be necessary for the Commission to be consulted (a) as respects any of the

[Shri P. S. Nataraja Pillai]

matters mentioned in sub-clauses (a) to (e) of Clause (3) of Article 320 of the Constitution. Article 320 of the Constitution says that the State Public Service Commission shall be consulted :—

(*a*) on all matters relating to the methods of recruitment to civil services and for civil posts.

(*b*) on the principle to be followed in making appointments to civil services and posts and in making promotions and transfers from one service to another and on the suitability of candidates for such appointments, promotions or transfers;

In Annexure II here we find that the Secretaries to Government, Members of the Board of Revenue, Collectors and Heads of Departments are all included. For appointment to all these high posts, the Public Service Commission need not be consulted not even on matters relating to the methods of recruitment or on the principle to be followed in making these appointments. Government have taken upon themselves the responsibility of filling up the most important posts in the State civil service in their own hands. They can determine the principle and the method by which people can be recruited to fill these posts. I think it is very unwholesome and the very purpose of the Public Service Commission will be defeated. I, for one, want to maintain that the Public Service Commission should function well to secure the confidence of the public. It should be recognised as a body above suspicion. Nothing should be done which would cast a reflection on the members of the Public Service Commission. It is better that these first Class posts are filled up on the recommendation of the Public Service Commission so that it will be recognised by the Public that the people who fill these places are really efficient and deserve them. That must be the principle that ought to guide Government. Therefore, I think that these items should be deleted from the annexure.

ശ്രീ. ഏ. ജെ. ജാൺ: അനക്സർ രണ്ടിൽ ഒട്ടാകെ ൧൫ അയിറ്റംസ് ആണ് ഉള്ളത്. അയിറ്റം നമ്പർ ഒന്ന് സ്റ്റാഫ് ആഫ് ദി രാജപ്രമുഖ് സിക്രട്ടറിയററ് സർവ്വീസ് ആണ്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻനായർ: അതു് ഒഴിച്ചുകളയാൻ പറഞ്ഞിട്ടില്ല.

ശ്രീ. ഏ. ജെ. ജാൺ: അഡ്മിനിസ്ട്രേറ്റർ ജനറൽ ആൻഡ് ഒഫീഷ്യൽ ട്രസ്റ്റി, ലാ ആഫീസേഴ്സ് ഇതൊന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വർടൈസ് ചെയ്തു നിയമിക്കുന്ന ഉദ്യോഗങ്ങളല്ല. ഗവണ്മെൻറിനു പരിപൂർണ്ണമായി വിശ്വാസമുള്ള ആളുകളെയാണ് ഈ സ്ഥാന

ങ്ങളിൽ നിയമിക്കുന്നതു്. പബ്ലിക്ക് സർവ്വീസുകമ്മീഷൻ പരീക്ഷനടത്തി ഇവരെ നിയമിക്കണമെന്നു പറഞ്ഞാൽ അതു് സാദ്ധ്യമാണെന്നു എനിക്കു തോന്നുന്നില്ല. ഇൻഡ്യയിലെ ഗവണ്മെൻറുകൾ എല്ലാം തന്നെയും ഈ വക സ്ഥാനങ്ങളിൽ നിയമനം നടത്തുന്നുണ്ടു്.

ശ്രീ. ഏ. താണുപിള്ള: ലാ ആഫീസേഴ്സ് ഗവണ്മെൻറിനു് വിശ്വാസമുള്ള ആളുകൾ ആയിരിക്കണമെങ്കിൽ ഗവണ്മെൻറു മാറുമ്പോൾ അവരേയും മാറുമോ?

ശ്രീ. ഏ. ജെ. ജാൺ: ഗവണ്മെൻറിനു് വിശ്വാസമുള്ള ആളുകളെ നിയമിക്കുകയാണു്.

ശ്രീ. ഏ. താണുപിള്ള: ഗവണ്മെൻറു മാറുമ്പോൾ അവരെ മാററുന്നില്ലെങ്കിൽ ഗവണ്മെൻറിനു് വിശ്വാസമുള്ള ആളുകൾ എന്നു പറയുന്നതിൽ എന്താണു് അർത്ഥം?

ശ്രീ. ഏ. ജെ. ജാൺ: പിന്നത്തെ അയിറ്റം മാനേജേഴ്സ് ആൻറ് ക്ലാർക്ക്സ് ആഫ് ദി സ്പെഷ്യൽ ബ്രാഞ്ചു് ആൻറ് ക്രൈംബ്രാഞ്ചു് ആഫ് പോലീസ് സർവ്വീസ് ആണു്. എല്ലാസ്ഥലത്തുള്ള ഗവണ്മെൻറുകളും ഈവക സ്ഥാനത്തുള്ള നിയമനങ്ങൾ നടത്തുന്നുണ്ടു്. ഒരിടത്തും ഈവക നിയമനങ്ങൾ പബ്ലിക്ക്സർവ്വീസുകമ്മീഷൻ നടത്തുന്നതായി കാണുവാൻ സാദ്ധ്യമല്ല. പിന്നെ സെക്രട്ടറീസ് ആഫ് ഗവണ്മെൻറ ആൻറ് മെമ്പേഴ്സ് ആഫ് ബോർഡു് ആഫ് റവന്യൂ ഈ വക സ്ഥാനങ്ങളിലും എല്ലാ സ്ഥലത്തും ഗവണ്മെൻറുകൾ തന്നെ നിയമനം നടത്തുകയാണു് ചെയ്യുന്നതു്. മദിരാശിയിൽ ഈവക സ്ഥാനങ്ങളിൽ നിയമിക്കപ്പെടുന്നവർ ഐ. സി. എസ്. കാരോ ഐ. ഏ. എസ്. കാരോ ആയിരിക്കും. അവരെ ഉയന്ന ഉദ്യോഗത്തിലെ ഇരുത്താവു എന്നുണ്ടു്.

ശ്രീ. ഏ. താണുപിള്ള: ഐ. ഏ. എസ്. കാരേയും ആദ്യം സർവ്വീസിൽ നിയമിക്കുന്നതു് പബ്ലിക്ക്സർവ്വീസ് കമ്മീഷനല്ലേ?

ശ്രീ. ഏ. ജെ. ജാൺ: പബ്ലിക്ക്സർവ്വീസ് കമ്മിഷനല്ല. ഗവണ്മെൻറുതന്നെയാണു് നിയമിക്കുന്നതു്. ഗവണ്മെൻറ സെക്രട്ടറിമാരും റവന്യൂബോർഡു് മെമ്പർമാരും ഐ. ഏ. എസ്. കാർ വേണമെന്നാണു് വച്ചിരിക്കുന്നതു്. ഇവിടെയുള്ള സെക്രട്ടറിമാരിൽ ൩ പേരെ ഐ. ഏ. എസ്. കാരുള്ളു. ബാക്കിയുള്ളവർ ഐ. ഏ. എസ്. കാരല്ല. പിന്നെ മന്ത്രിമാരുടെ പെഴ്സണൽ സ്റ്റാഫിൽപെട്ട ആളുകൾ ഇവരെ പബ്ലിക്ക് സർവ്വീസുകമ്മീഷനിൽ റിക്രൂട്ടുചെയ്യണമെന്നു ആരും പറയുമെന്നു തോന്നുന്നില്ല. കാൺസ്റ്റബിൾമാരേയും ഹെഡ്കാൺസ്റ്റബിൾമാരേയും പബ്ലിക്ക് സർവ്വീസ്കമ്മീഷൻ റിക്രൂട്ട് ചെയ്യണമെന്നു പറഞ്ഞാൽ അതു് ഒരിക്കലും ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി: മദ്രാസിൽ അതാണെന്നു് പറഞ്ഞതാണല്ലോ ഇവിടെയെല്ലാം കോട്ടു് ചെയ്യുന്നതു്. മദ്രാസിൽ കാൺസ്റ്റബിൾമാരേയും, ഹെഡ്കാൺസ്റ്റബിൾമാരേയും ഗവണ്മെൻറു നേരിട്ടു് നിയമിക്കുകയാണോ?

ശ്രീ. എ. ജെ. ജാൺ: മദ്രാസിൽ പബ്ലിക്ക്സർവ്വീസ് കമ്മീഷനല്ലാ കാൺസ്റ്റബിൾമാരെയും ഹെഡ്കാൺസ്റ്റബിൾമാരെയും റിക്രൂട്ട് ചെയ്യുന്നതു്. പിന്നെ കമ്മ്യൂണിററിപ്രാജക്റ്റിലേയ്ക്കുള്ള നിയമനങ്ങൾ ആണെങ്കിൽ അതു് ഗവണ്മെൻറുതന്നെ ചെയ്യേണ്ടതാണെന്നു പറഞ്ഞു് ഗവണ്മെൻറ ഈ നിയമസഭയിൽ ഒരു പ്രമേഷൻകൊണ്ടുവരികയും അതു് ഈ നിയമസഭ അംഗീകരിച്ചു തരികയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ആ നിയമനങ്ങളെല്ലാം ഗവണ്മെൻറുതന്നെ നടത്തേണ്ടതാണു്. അതുപോലെതന്നെയാണു് ഫോർഡു് ഫൗണ്ടേഷനിലെ നിയമനകാര്യവും. പിന്നെ ചെയർമാൻ ആൻറ മെംബേഴ്സ് ഓഫ് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ് ഇവരെ ൧ കൊല്ലത്തേയ്ക്കോ ൨ കൊല്ലത്തേയ്ക്കോ മാത്രം നിയമിക്കുകയാണു് ചെയ്യുന്നതു്. അതു് ഇപ്പോൾ പെൻഷനബിൾ സർവ്വീസ് ആക്കിയിട്ടില്ല.

Shri N. Rajagopalan Nair: What about item 14?—Chairman and Members of the Industrial Tribunal—Will you explain that?

ശ്രീ. എ. ജെ. ജാൺ: ഇവർ ഒന്നുകിൽ ഹൈക്കോർട്ടു ജഡ്ജിയായിരുന്നു റിട്ടയർ ചെയ്തവരോ, ഡിസ്ട്രിക്റ്റ് ജഡ്ജിയായിരുന്നു റിട്ടയർ ചെയ്തവരോ, പത്തു വർഷത്തിൽ കുറയാതെ അഡ്വക്കേററായി പ്രാക്റ്റീസ് ഉള്ളവരോ ആയിരിക്കും. പബ്ലിക്ക്സർവ്വീസ് കമ്മീഷനോടു കൺസൽട്ടു് ചെയ്യുന്നതിനു് പകരം ഹൈക്കോടതിയോടു കൺസൽട്ടു് ചെയ്തതിനു ശേഷമാണു് അവരെ നിയമിക്കുന്നതു്. അവരെയും ഗവണ്മെൻറുതന്നെ നിയമിക്കാതെ തരമില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ ഒരു ശിവരാമൻനായരെ നിയമിച്ചു എന്നു് അറിയുന്നുണ്ടല്ലോ?

ശ്രീ. എ. ജെ. ജാൺ: ഏതു ശിവരാമൻനായരെ?

ശ്രീമതി കെ. ആർ. ഗൗരി: 'ദീനബന്ധു'വിൻെറ എഡിററർ ആയിരുന്ന ഒരു ശിവരാമൻനായരെ.

Mr. Speaker: the Time is over. The Regulation stands adopted subject to amendments 14, 22 and 29 accepted by the House. The House will now adjourn to meet again at 11 A. M. to-morrow.

The Assembly adjourned at 5 p. m. to meet again at 11 a. m. on Wednesday, the 1st April, 1953.